# നമ്പ്യാരുടെ തുള്ളൽഭാഷ: പ്രയോഗവും സാധ്യതയും

ഉർസുല. എൻ.,

മനുഷ്യനെ യഥാർത്ഥമനുഷ്യനാക്കിത്തീർക്കുന്ന അനഘമായ ശക്തിസമ്പത്താണ് ഭാഷ.ഭാഷാപ്രയോഗത്തിൽ പുലർത്തുന്ന അനിതരസാധാരണമായ വൈശിഷ്ട്യമാണ് ഒരു സാഹിത്യകാരനെ മറ്റുള്ളവരിൽനിന്നും ഭിന്നനാക്കുന്നത്.മലയാളസാഹിത്യത്തിലെ ഒറ്റയാനായി കുഞ്ചൻനമ്പ്യാർ അഭിഷിക്തനാകുന്നതും അതുകൊണ്ടുതന്നെയാണ്.നമ്പ്യാരെപ്പോലെ ഭാഷയുടെ സാധ്യതകളെ കണ്ടറിഞ്ഞ ഒരു കവി മലയാളത്തിൽ ഉണ്ടായിട്ടില്ല. തുള്ളൽ എന്ന കലാരൂപത്തെ ജനപ്രിയമാക്കിത്തീർത്തതിൽ നമ്പ്യാരുടെ ഭാഷാപ്രയോഗത്തിനും സവിശേഷമായ പങ്കുണ്ട്.ആര്യഭാഷയുടെ കേളീരംഗമായിരുന്ന കൈരളിക്ക് ചാരുകേരളഭാഷയുടെ മണവും മധുരവും രുചിച്ചറിയാൻ സാധിച്ചത് നമ്പ്യാരുടെ തുള്ളൽക്കൃതികളിലൂടെയായിരുന്നു.

‘ഭടജനങ്ങടെ നടുവിലുള്ളൊരു
പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള-
ഭാഷ തന്നെ ചിതം വരൂ.’

എന്നുപാടിയ നമ്പ്യാർക്ക് അന്യഭാഷാപ്രയോഗത്തിലും അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നു. കവിത കൊണ്ട് ആഹ്ലാദം ജനിപ്പിക്കൽ മാത്രമല്ല ‘ബോധമുള്ളവർക്കുള്ളിൽ ബഹുമാനം വരുത്തേണം’ എന്ന് അദ്ദേഹം തിരിച്ചറിഞ്ഞിട്ടുണ്ട്.അതുകൊണ്ടുതന്നെ തന്റെ ഭാഷാപ്രാവീണ്യം

തെളിയിക്കാനുള്ള ഒരവസരംപോലും അദ്ദേഹം വിട്ടുകളഞ്ഞിട്ടില്ല. സംസ്കൃതം, പ്രാകൃതം, ഹിന്ദുസ്ഥാനി, തമിഴ്, തെലുങ്ക്, കൊങ്കിണി, തുടങ്ങി നിരവധിഭാഷകൾ വിവിധ തുള്ളലുകളിലായി അദ്ദേഹം ഉപയോഗിക്കുന്നുണ്ട്.എന്നാൽ സ്വതവേ നമ്പ്യാർക്കന്യമായ ഔചിത്യദീക്ഷ ഇക്കാര്യത്തിൽ അദ്ദേഹം പാലിക്കുന്നുണ്ട്.ദേശങ്ങൾക്കതീതമായ ഭാഷാസമ്പത്തുകൊണ്ട് അനുഗ്രഹീതമായ നമ്പ്യാരുടെ തുള്ളൽക്കൃതികൾ ഒരു ക്ലാസിക്ഭാഷയുടെ മാനം പ്രദാനം ചെയ്യുന്നു.

തനിക്ക് മുമ്പും പിമ്പും ഉണ്ടായിട്ടുള്ള കവികളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഭാഷാപ്രയോഗവൈദഗ്ധ്യമാണ് നമ്പ്യാരുടെ തുള്ളലുകളിൽ കാണുന്നത്.മലയാളഭാഷയോടൊപ്പം തന്നെ അന്യഭാഷകളെയും മനോഹരമായി ഉപയോഗിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.സമകാലികനായ ഉണ്ണായിവാര്യർ കാട്ടാളനെക്കൊണ്ട് ചാർവ്വാകദർശനങ്ങൾ പറയിപ്പിച്ച രീതിയിലുള്ള അനൗചിത്യം നമ്പ്യാർക്കെന്നും അന്യമാണ്.ഓരോ കഥാപാത്രത്തിനും അനുഗുണമായ ഭാഷാശൈലിയാണ് നമ്പ്യാർ സ്വീകരിച്ചിരിക്കുന്നത്. 'ചാരുകേരളഭാഷ' ഉപയോഗിച്ചാൽ മാത്രമേ സാധാരണജനങ്ങൾ രസിക്കൂ എന്ന് നമ്പ്യാർക്കറിയാം.എന്നാൽ ബ്രാഹ്മണരും ദേവൻമാരുമെല്ലാം പച്ചമലയാളത്തിൽ സംസാരിക്കുന്നത് സാധാരണജനങ്ങൾക്കുപോലും രുചിക്കാൻ സാധ്യതയില്ല.അതുകൊണ്ടുതന്നെ പാത്രാനുസാരിയാണ് നമ്പ്യാരുടെ ഭാഷ.

സ്യമന്തകം ഓട്ടൻതുള്ളലിൽ സൂര്യഭഗവാൻ സംസ്കൃതത്തിൽ സംസാരിക്കുന്നു:

'ഭോ! ഭോ! സത്രാജിദത്രാജിതപദകമലാ-
ലംബനം സാമ്പ്രതം തേ
ദാതും ചേതോനുകൂലം കിമപിപുടതരം
നൈവലോകേ വിലോകേ
കാമം കാമപ്രദായീവപുഷിവിജയതേ
കോപി ചിന്താമണിർമ്മേ
സ്വർണ്ണാനാമഷ്ടഭാരംദിനമനുജനയേ-
ദേഷദാസ്യാമിചൈനം'

സൂര്യന്റെ സംസ്കൃതസംഭാഷണം കാഴ്ചക്കാർക്ക് ഗ്രഹിക്കില്ലെന്ന് അറിയുന്നതുകൊണ്ടുതന്നെ ഭാഷയിൽ അതിന് അർത്ഥം നൽകുകയും ചെയ്യുന്നുണ്ട്.

ത്രിപുരദഹനം പറയൻതുള്ളലിൽ ഭൂതവേതാളവൃന്ദങ്ങൾ പ്രാകൃതഭാഷ സംസാരിക്കുന്നു.

'യോളശോളയധോളണി കാളിയേളമഹോളയേ
മണ്ഡളേ ബഹളങ്കളേ കുളബളിതകളികികുഹളെ വളയെ
ഘോളണാവളിയോഷണം ജളമേളനം കളയാവഹേ
ശുണ്ഡഖണ്ഡണഖണ്ഡണം കിളിതണ്ണലാക്കിള താണ്ഡവം
.... .... ....
തന്തളൈ സതണന്തളൈ വളവഞ്ചതോണിയപിഞ്ഛളേ '

സ്യമന്തകം ഓട്ടൻതുള്ളലിൽ സത്യഭാമയുടെയും ജാംബവതിയുടെയും വിവാഹസൽക്കാരത്തിൽ പങ്കെടുക്കാനെത്തിയ ഗോസായിമാരുടെ സംഭാഷണം ഹിന്ദുസ്ഥാനിയിലാണ്.

'ജേജേ റാമ്രാം സീതാറാമ്രാം
ജേജേ റാമ്രാം കോദണ്ഡറാമ്രാം
തുമാറ മുലുക്ക കോന്ന മുലുക്ക
തുമാറട്ടിക്കാണീ കാഹറേ ബാവാ
അമാറാട്ടിക്കാണി സീതാറാമ്രാം
ബഹ്മാദേവോ ദാവൻ ദാറോ
അച്ഛാ പാനീ ഡാലോ ഡാലോ
പത്താലാവോർക്കാരി ലാവോ
.... ....
ജാറെ ഹർജാ മുർജാ ഹർജാറെ'

സാധാരണക്കാരായ ജനങ്ങളുടെ സംഭാഷണം പച്ചമലയാളത്തിലാണ് നമ്പ്യാർ രേഖപ്പെടുത്തുന്നത്.സ്യമന്തകം തുള്ളലിൽ ഗ്രാമീണസ്ത്രീകളുടെ സംഭാഷണം മുഴുവൻ പച്ചമലയാളത്തിലാണ്.

'ഇച്ചിരിയമ്മേ! നിച്ചിരിയത്തി,-
ഇച്ചിരിയൊട്ടും നന്നല്ലേടി!
കൊച്ചുകളോടു കളിച്ചിരിയാമൽ
കാഴ്ചയിലിച്ഛ നിനക്കുണ്ടെങ്കിൽ
കാച്ചിയ പുടവയാടുക്കരുതായോ!'

നാളായണീചരിതം എന്ന ഒരൊറ്റ തുള്ളൽ കൊണ്ടുതന്നെ നമ്പ്യാരുടെ ഭാഷാപ്രാവീണ്യം തിരിച്ചറിയാം.നാളായണിയും മൌൽഗല്യമുനിയും വേഷം മാറി പല ദേശങ്ങളിൽ സഞ്ചരിക്കുമ്പോൾ ഉപയോഗിക്കുന്നത് അതത് ദേശങ്ങളിലെ ഭാഷകളാണ്.

തമിഴ്നാട്ടിൽ ചെന്ന് പട്ടരായി മാറുമ്പോൾ തമിഴ് സംസാരിക്കുന്നു:

'മാനിയങ്കേ വാറും സാപ്പാടെങ്കെയാനാൽ കിടയാതോ?
നാങ്കൾ രണ്ടുപേർക്കു ശാതം കൊണ്ടുവാരും ശീഘ്രമയ്യാ!
ശുത്തുബാതൈ റംഭമയ്യാ! ശെത്തെയാവതു കൊടാവിട്ടാൽ

ശത്തുപോമേ നാങ്കളിപ്പോതുത്തരം ശൊല്ലാത്തതെന്താ?
ശാപ്പാട്ടിക്കിറുമയ്യാ! ശാറും ശാതവും താറേൻ'

ബ്രാഹ്മണവേഷം ധരിച്ച മുനി ബ്രാഹ്മണിയായി മാറിയ നളായണിയോട് സംസ്കൃതത്തിൽ സംഭാഷണം നടത്തുന്നു:

'ഹേ ഹേ! ദേവകാര്യസ്യ ജലം നാസ്തി സുമം നാസ്തി
ഗേഹം പ്രോക്ഷിതം നാസ്തി ദാസീ കുത്ര ഹേ കഷ്ടം!
ദീപം കുത്രകുത്രേദം പാവനസദ്ധവിർ നാസ്തി
കോപം ജാതമസ്മാകം കൃത്വാ ഭക്ഷണം ഗത്വാ
ക്ഷേത്രേ തത്ര ഗന്ധർവ്വേ പാത്രം താണ്ഡുലം കുത്ര?'

തെലുങ്കുദേശത്ത് ചെല്ലുമ്പോൾ തെലുങ്ക് സംസാരിക്കുന്നു:

'ഇല്ലിസ്ഥാനം ആടിബാഹ്ഹ ഹല്ലിഹ്ഹുള്ളാഹ്ഹദമുമ്പൊ?

സ്ഥാനമാടി പവന്ദനേവൊ.'

കൊങ്കണദേശത്ത് ചെല്ലുമ്പോൾ കൊങ്കിണി സംസാരിക്കുന്നു:

'ഹ്ഹംബുദതെകഞ്ചി വാണാഹമുക്കജാത്താകളാനാ
മൊതിരുമൊതിനാ കതഗോ അമുക്ക ഗാമാ അമിച്ച ഗാമാ
ഉപാദി കൊച്ചുതങ്ങാദി എമങ്ങുഗോരണ്ടുവാച
തിങ്ങത്രുമിങ്ങമൂനയോ ഹന്ത ഹമുക്കതീവല്ലി'

ലാടദേശത്തു ചെല്ലുമ്പോൾ ലാടഭാഷയാണ് അവർ കൈകാര്യം ചെയ്യുന്നത്:

'ദുന്നുന്യകഹത്യംഹം ഹന്നനോഹം ശിജാത്യാഹം
ഹത്യഹായി താപിജായി ഹമുക്ക ഭോജന കക്കജാണോ
ഹമാരോതും ജാതരേണോ'

ഇങ്ങനെ അഞ്ചോളം അന്യഭാഷകൾ നമ്പ്യാർ തന്റെ വിവിധ കൃതികളിലായി ഉപയോഗിക്കുന്നുണ്ട്.വിവിധഭാഷകളിൽ തനിക്ക് പ്രാവീണ്യമുണ്ടെന്ന് കാഴ്ചക്കാരെക്കൊണ്ട് പറയിപ്പിക്കാൻ നമ്പ്യാർ ബോധപൂർവ്വം ശ്രമിക്കുന്നതായിക്കാണാം. ഭടൻമാർ,വേലകളിക്കാർ,അമ്പലവാസികൾ, മറ്റു സാമാന്യജനങ്ങൾ,സ്ത്രീകൾ,കുട്ടികൾ എന്നിവരെ ആകർഷിച്ചിരുത്താനാണ് നമ്പ്യാർ ശ്രമിച്ചത്.ബാക്കിയുള്ള ഭാഷകൾ സന്ദർഭാനുസാരിയായി ചേർക്കുകയാണെങ്കിലും സംസ്കൃതത്തോട് അദ്ദേഹത്തിനുള്ള പ്രതിപത്തി പ്രത്യേകം ശ്രദ്ധാർഹമാണ്.'ചാരുകേരള ഭാഷ'യെ കുറിച്ച് വാനോളം പാടിപ്പുകഴ്ത്തുമ്പോഴും സംസ്കൃതസ്വാധീനത്തിൽ നിന്ന് നമ്പ്യാർ മുക്തനായിരുന്നില്ല.അതുകൊണ്ടാണ് 'ഭാഷയായ് പറയാനുമടിയനുസംസംകൃതത്തിലുമൊന്നുപോൽ-ദോഷഹീനപടുത്വമൽപ്പമുദിപ്പതുണ്ട്'(കീചകവധം) എന്ന് അദ്ദേഹം പറയുന്നത്.സംസ്കൃതപദങ്ങൾ,

വിഭക്തിപ്രത്യയങ്ങൾ,സംബോധനകൾ,ശ്ലോകങ്ങൾ എന്നിവ നിരവധി തുള്ളലുകളിൽ നമ്പ്യാർ പ്രയോഗിക്കുന്നുണ്ട്.

'വർദ്ധിതതരധവളഹിമാചലസന്നിഭതുംഗശരീരൻ'(ഹനുമാൻ:കല്യാണസൗഗന്ധികം തുള്ളൽ), ചരണാംബുജയുഗശരണാഗതജനശരണായിതനവകരുണാധരണൻ'(നളൻ:നളചരിതം ഓട്ടൻ തുള്ളൽ) 'ഗന്ധദ്വിപപ്രൗഢമന്ദസഞ്ചാരിണി'(പാഞ്ചാലി:കല്ല്യാണസൗഗന്ധികം തുള്ളൽ) എന്നിങ്ങനെയുള്ള നിരവധി സംബോധനകൾ നമ്പ്യാർക്കൃതികളിൽ കാണാനാകും.അംഭോജപ്പൂവ്,പോർവട്ടസ്തനി,വില്ല വലിച്ചഥ എന്നിങ്ങനെ ഒരംഗം സംസ്കൃതവും മറ്റേ അംഗം മലയാളവുമായുള്ള സമസ്തപദപ്രയോഗങ്ങളും ധാരാളം ഉപയോഗിക്കുന്നുണ്ട്. തഥാ, ഇദം, തദാ, ഊചിവാൻ,സ്ഥരന്തം,ഭവന്തം,വൈരിണം,സംസാരിണം എന്നിങ്ങനെ രൂപകാണ്ഡപരമായി സംസ്കൃതത്തിലേതെന്ന് പറയാവുന്ന പ്രത്യയങ്ങളും മറ്റും ചേർന്ന പദങ്ങളും അദ്ദേഹം പ്രയോഗിക്കുന്നുണ്ട്.പൂർണ്ണമായും സംസ്കൃതത്തിലുള്ള നിരവധി ശ്ലോകങ്ങളും ഭൂരിഭാഗം തുള്ളലുകളിലും കാണാം.

ഉദാ:

'ഏതസ്മിന്നന്തരേ തത്ര
സുന്ദരീവചസാമുദാ
ദൂതികാർജ്ജുനിമാഗത്യ
സത്യസന്ദേശമബ്രവീൽ' (സുന്ദരീസ്വയംവരം തുള്ളൽ)

'ഗോഷ്ഠീസാവിരളാനയത്ര ഘടതേ-
സത്താപുരോഭാഗിനാം,
നാരിസാഖലുദുർല്ലഭാനകുസൃതി
ശ്ലിഷ്ടം യദിയം മനഃ;
ദൃഷ്ട്വാപഞ്ചതദംബുതീരജജോ
രാജിർന്നയദൂഷയേ,
ദുസ്സാധഞ്ചസുഖം തദാവിലയത്രേ
ദുഃഖാനവൃത്തിർന്നയൽ' (ഘോഷയാത്ര)

'ഭാഷയേറി വരുന്ന മണിപ്രവാളം' ആണ് തനിക്ക് ചിതമായത് എന്ന് പലകുറി പറയുമ്പോഴും അവിടെയും സംസ്കൃതം ഏറിനിൽക്കുന്നതായി ക്കാണാം.

'അഖിലഭുവനകന്ദം ഹാസനിർദ്ധൂതകുന്ദം
ശമിതവിമതവൃന്ദം ധാര്യമാണാരവിന്ദം
സമുചിതമുചുകുന്ദം പൂതപാദാരവിന്ദം
സുരവരതടിനീന്ദം സാധുവന്ദേ മുകുന്ദം' (രുഗ്മിണീസ്വയംവരം തുള്ളൽ)

ഇങ്ങനെ സംസ്കൃതത്തോടുള്ള അഭിനിവേശം ഭൂരിഭാഗം തുള്ളലുകളിലും കാണാനാകും.ഉത്തമർ സംസാരിക്കേണ്ടത് സംസ്കൃതത്തിലാകണമെന്ന ഒരബദ്ധധാരണ നമ്പ്യാർ വെച്ചുപുലർത്തുന്നുണ്ട്. ഭാഷ അധികാരത്തിന്റെയും പാണ്ഡിത്യത്തിന്റെയും ചിഹ്നങ്ങളായി കരുതപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിന്റെ സന്തതിയായിരുന്നു നമ്പ്യാർ എന്ന കാര്യവും ഇവിടെ ഓർക്കേണ്ടതുണ്ട്. കാളിദാസനും കാലത്തിന്റെ ദാസനായിരുന്നല്ലോ. ഇങ്ങനെയൊക്കെയാണെങ്കിൽത്തന്നെയും എഴുത്തച്ഛനുമായി ചേർത്തുവെച്ച് വായിക്കുമ്പോഴാണ് നമ്പ്യാർ ഭാഷയിൽ വരുത്തിയ വിപ്ലവങ്ങളുടെ സാധ്യത തിരിച്ചറിയാനാവുന്നത്.